# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


**പുന്നൻ റോഡ്, തിരുവനന്തപുരം 695 001.**

Tel: 0471 2335199, Fax: 0471 2330920 Email: sic@kerala.nic.in


## ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കെ. രത്നാകരൻ,<br>കീഴാലഞ്ചേരി ഹൗസ്, തുഷാര,<br>37/241 ബി<br>പി. ഒ. കുരുവിശ്ശേരി,<br>കോഴിക്കോട് – 673 010 | ഹർജിക്കാരൻ |
| **എതിർകക്ഷികൾ** | **അപ്പീൽ / പരാതി ഹർജി നമ്പർ** |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സീനിയർ സൂപ്രണ്ട്,<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>കോഴിക്കോട്.<br><br>അപ്പീൽ അധികാരി &<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>കോഴിക്കോട്. | AP Nos.1245, 1310, 1379,1462, 1464,<br>1532, 1551, 1555, 1558, 1918, 1921<br>1944, 2045, 2986 (3)/2014/SIC |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>വടകര, കോഴിക്കോട്. | CP No. 1635(3)/2014/SIC |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,<br>കോഴിക്കോട്.<br><br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസ്,<br>തിരുവനന്തപുരം.<br><br>അപ്പീൽ അധികാരി,<br>ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,<br>തിരുവനന്തപുരം. | AP No. 2793(3)/2014/SIC<br>CP Nos. 1343, 1354 (3)/2014/SIC |



RIGHT TO INFORMAT

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ കളക്ടറുടെ കാര്യാലയം,
കോഴിക്കോട്.

അപ്പീൽ അധികാരി,
ജില്ലാ കളക്ടറുടെ കാര്യാലയം,
കോഴിക്കോട് – 673 010.

AP Nos. 1349, 1402, 1609(3)/2014/SIC
CP Nos. 361, 1523, (3)/2014/SIC

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഒളവണ്ണ വില്ലേജ് ഓഫീസ്,
കോഴിക്കോട് – 673 019.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ബേപ്പൂർ വില്ലേജ് ഓഫീസ്,
കോഴിക്കോട്.

അപ്പീൽ അധികാരി,
താലൂക്ക് ഓഫീസ്,
കോഴിക്കോട് – 673 020.

AP Nos. 1426, 1602, 1616(3)/2014/SIC

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്.

അപ്പീൽ അധികാരി,
കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്.

AP Nos.315, 346, 580(3)/2014/SIC
CP Nos.1325(3)/2014/SIC

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് സിറ്റി.

അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
കോഴിക്കോട്.

AP Nos. 1326, 1989, 2049(3)/2014/SIC

## ഉത്തരവ്

മുകളിൽ കാണിച്ചിരിക്കുന്ന അപ്പീലുകളും പരാതി ഹർജികളും ഹർജിക്കാരനായ ശ്രീ. കെ. രത്നാകരൻ 2014 – ൽ വിവിധ ദിവസങ്ങളിലായി സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീലുകളും പരാതി ഹർജികളുമാണ്. ഇവ ഓരോന്നും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇതിൽ പലതും ഒരേ വിഷയങ്ങളിൽ തന്നെയുള്ള ആവർത്തനങ്ങളും ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ലഭിച്ചതിനു ശേഷവും അപ്പീൽ ഫയൽ ചെയ്യുന്നതിനു

വേണ്ടി ഫയൽ ചെയ്തിട്ടുള്ള അപ്പീലുകളും പരാതികളുമാണ്. ചില അപ്പീലുകൾ ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിന് നിയമാനുസൃതമുള്ള ഫീസ് അടച്ചു സ്വീകരിക്കുവാനുള്ള ബന്ധപ്പെട്ട പൊതു വിവരാവകാശ അധികാരിയുടെ അറിയിപ്പ് അവഗണിച്ച് ഫയൽ ചെയ്തിട്ടുള്ളതും, വേറെ ചിലത് ഒരു പൊതു അധികാര സ്ഥാപനത്തിൽ ക്രോഡീകരിച്ചുവെച്ചിട്ടില്ലാത്തതും ശേഖരിക്കുവാൻ പ്രസ്തുത സ്ഥാപനത്തിലെ പ്രധാന പ്രവർത്തങ്ങൾ നിർത്തിവച്ച് വളരെയേറെ മനുഷ്യാധ്വാനവും സമയവും ചെലവഴിച്ച് ശേഖരിക്കേണ്ട വിവരങ്ങളുമായതിനാൽ രേഖകൾ പരിശോധിച്ച് ശേഖരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതും, പിന്നെ ചിലത് നിലവിലില്ലാത്ത വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള വിവരാവകാശ അപേക്ഷകളെ തുടർന്നുള്ളവയുമാണ്. ഇവയ്ക്ക് ഓരോന്നിനും ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഒന്നാം അപ്പീൽ അധികാരിയും നൽകിയിട്ടുള്ള മറുപടി ഉചിതമായിട്ടുള്ളതാണ്. അതിനാൽ ഈ ഹർജികളിൽ എസ്.പി.ഐ.ഒ. യുടെയും അപ്പീൽ അധികാരിയുടെയും തീരുമാനങ്ങൾ കമ്മീഷനും അംഗീകരിക്കുന്നു.

2) ഉദ്യോഗസ്ഥരോടുള്ള വ്യക്തിവിരോധം തീർക്കുന്നതിനായി ശ്രീ. കെ. രത്നാകരൻ സ്ഥിരമായി വിവരാവകാശ അപേക്ഷകൾ സമർപ്പിച്ച് ഓഫീസുകളുടെ സാധാരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായുള്ള കോഴിക്കോട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ പരാതി ഹർജിക്കാരന്റെ ഉദ്ദേശ്യശുദ്ധിയിലുള്ള കമ്മീഷന്റെ സംശയം ബലപ്പെടുത്തുന്നതാണ്. മുകളിൽ കാണിച്ചിരിക്കുന്ന ഹർജികളിൽ കോഴിക്കോട് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ഹർജികളിൽ പലതും അവിടുത്തെ ഉദ്യോഗസ്ഥനായ ശ്രീ. രാജീവൻ പുത്തനത്തിന് എതിരെയുള്ള പരാതികളും ടിയാന്റെ വ്യക്തിവിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ടുള്ളതുമാണ്.

3) പൗരന് ലഭിച്ച മഹത്തായ ഒരു അവകാശമാണ് വിവരാവകാശം. എന്നാൽ എല്ലാ അവകാശങ്ങളും അനുഭവിക്കുമ്പോൾ തന്നെ അവ മറ്റുള്ളവരുടെ അവകാശങ്ങൾ തടസ്സപ്പെടുത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഒരു പൊതു അധികാര സ്ഥാപനം ഒരു വ്യക്തിയുടെ നിരന്തരമായ വിവരാവകാശ അപേക്ഷകൾക്ക് മറുപടിയും വിവരങ്ങളും ശേഖരിച്ച് നൽകുവാനായി പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന സമയത്തിന്റെ നല്ലൊരു ഭാഗവും മാറ്റിവയ്ക്കുമ്പോൾ ആ സ്ഥാപനത്തിന്റെ സേവനത്തിനായി അപേക്ഷ നൽകി വരി നിൽക്കുന്ന ഒരുപാടുപേരുടെ അവകാശങ്ങൾ തടസ്സപ്പെടുകയോ താമസിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. പ്രത്യേകിച്ച് പൊതു താൽപര്യമില്ലാത്ത വിവരാവകാശ അപേക്ഷകൾ നിരന്തരം സമർപ്പിച്ച് പൊതു അധികാര സ്ഥാപനങ്ങളുടെയും സംസ്ഥാന വിവരാവകാശ കമ്മീഷന്റെയും വിലപ്പെട്ട സമയം വ്യർത്ഥമാക്കുന്നത് നിരുത്സാഹപ്പെടുത്തിയേ മതിയാകൂ.

4) ഈ കമ്മീഷന്റെ തന്നെ പരിഗണനയ്ക്കായി ശ്രീ. കെ. രത്നാകരൻ 2014 – ൽ സമർപ്പിച്ച 54 ഹർജികൾ ഇനിയും ബാക്കിയുണ്ട്. അതിൽ സമാന രൂപത്തിലുള്ള ഹർജി

കളാണ് ഈ ഉത്തരവിലൂടെ ഒന്നിച്ച് തീർപ്പാക്കുന്നത്. ടിയാന്റെ 2014 – ലെ തന്നെ അനേകം അപ്പീലുകൾ ഈ കമ്മീഷൻ തന്നെ മുൻപ് തീർപ്പാക്കിയിട്ടുള്ളതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന അപ്പീലുകൾക്ക് അത്രയും വിവരാവകാശ അപേക്ഷയും അത്രയും തന്നെ ഒന്നാം അപ്പീലുകളും വിവിധ പൊതു അധികാര സ്ഥാപനങ്ങളിൽ തീർപ്പാക്കിയിട്ടുള്ളതാണ്. ഹർജിക്കാരൻ രണ്ടാം അപ്പീലുകളും പരാതി ഹർജികളും സമർപ്പിക്കാത്ത അതിലും എത്രയോ ഇരട്ടി വിവരാവകാശ അപേക്ഷകളും ഒന്നാം അപ്പീലുകളും വിവിധ പൊതു അധികാര സ്ഥാപനങ്ങളിൽ ഈ ഹർജിക്കാരൻ സമർപ്പിച്ച് അവിടുത്തെ എത്രയോ പ്രവർത്തി ദിവസങ്ങളുടെ വലിയൊരു ഭാഗം സമയം അപഹരിച്ചിട്ടുണ്ടാകും. ഒരു സംഘടനയുടെ ഭാരവാഹി എന്ന് അപേക്ഷയിൽ അച്ചടിച്ചതുകൊണ്ട് മാത്രം പൊതു പ്രവർത്തകനാകില്ല. ഈ കമ്മീഷൻ തന്നെ ഇതിനോടകം തീർപ്പാക്കിയിട്ടുള്ള അനേകം അപ്പീലുകൾ കൊണ്ടോ വിവിധ പൊതു അധികാര സ്ഥാപനങ്ങളിൽ നിന്ന് വിവരാവകാശ നിയമം മൂലം കരസ്ഥമാക്കിയിട്ടുള്ള വിവരങ്ങളും രേഖകളും കൊണ്ടോ ഒരു പൊതു താൽപര്യവും ശ്രീ. കെ. രത്നാകരൻ എന്ന വ്യക്തി സംരക്ഷിച്ചിട്ടുള്ളതായി പൊതുജനത്തിന് അറിവുള്ള കാര്യമല്ല. മറിച്ച് സ്ഥാപിത താൽപര്യത്തിനായി വിവരാവകാശ നിയമത്തെ ഇത്തരം വ്യക്തികൾ ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് പല വിവരാവകാവകാശ ഉദ്യോഗസ്ഥരും കമ്മീഷനിൽ പരാതിപ്പെട്ടിട്ടുണ്ട്. ഇത്തരം ദുഷ്ചെയ്തികളെ തടയുന്നതിനായാണ് ബഹു. സുപ്രീം കോടതി Central Board of Secondary Education and Anr. V. Aditya Bandopadhyay and Ors. [MANU / SC/0932/2011: (2011) 8 SCC497] എന്ന സുപ്രധാനമായ കേസ്സിൽ താഴെപറയും പ്രകാരം വിധി പ്രസ്താവിച്ചിരിക്കുന്നത്.

"67. Indiscriminate and impractical demands or directions under the RTI Act for disclosure of all and Sundry information (unrelated to transparency and accountability in the functioning of public authorities and eradication of corruption) would be counterproductive as it will adversely affect the efficiency of the administration and result in the executive getting bogged down with the non - productive work of collecting and furnishing information. The Act should not be allowed to be misused or abused, to become a tool to obstruct the national development and integration, or to destroy the peace, tranquility and harmony among its citizens. Nor should it be converted into a tool of oppression or intimidation of honest officials striving to do their duties. The nation does not want a scenario where 75% of the staff of public authorities spends 75% of their time in collecting and furnishing information to applicants instead of discharging their regular duties. The threat of penalties under the RTI Act and the pressure of the authorities under the RTI Act should not lead to employees of public authorities prioritizing "information furnishing", at the cost of their normal and regular duties."



RIGHT TO INFORMATI

5)	ബഹു. സുപ്രീം കോടതി മുകളിൽ പറഞ്ഞ രീതിയിൽ പൊതു അധികാര സ്ഥാപനങ്ങളുടെ ഭൂരിഭാഗം സമയവും മാറ്റി വച്ചു കൊണ്ട് പൊതു താൽപ്പര്യമില്ലാതെ ദുരുദ്ദേശ്യത്തോടെ വിവരാവകാശ അപേക്ഷ സമർപ്പിക്കുന്നവർക്ക് വിവരം ശേഖരിച്ച് നൽകുക എന്നതിന് മുൻഗണന നൽകിക്കൊണ്ട് മറ്റു പ്രധാന പ്രവർത്തികളെല്ലാം പിന്നിലേക്ക് മാറ്റിവയ്ക്കപ്പെടുന്ന ദുരവസ്ഥ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി ഇത്തരം വിവരാവകാശ അപേക്ഷകരെ വിവരാവകാശ കമ്മീഷൻ യാതൊരു കാരണവശാലും പ്രോത്സാഹിപ്പിക്കുന്നില്ല എന്ന ഒരു പൊതു സന്ദേശം ഇത്തരം അപേക്ഷകർക്കും വിവരാവകാശ ഉദ്യോഗസ്ഥർക്കും നൽകുക എന്ന ലക്ഷ്യം കൂടി മുന്നിൽകണ്ടുകൊണ്ട് മുകളിൽ കാണിച്ചിരിക്കുന്ന അപ്പീലുകളിലും പരാതി ഹർജികളിലും ഗൗരവമായി പരിഗണിക്കേണ്ട വിഷയങ്ങൾ ഒന്നുമില്ല എന്ന കണ്ടെത്തലിൽ ഒന്നിച്ച് തള്ളിക്കളഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ഈ തീരുമാനം ഇന്നേ ദിവസം 2019 നവംബർ മാസം 6 – ാം തീയതിയിലേത്.

(ഒപ്പ്)
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv